**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1665** **31-08-2022 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയുടെ വികസനം ലക്ഷ്യമിട്ടുള്ള ഇടുക്കി പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയുടെ വികസനം ലക്ഷ്യമിട്ടുള്ള ഇടുക്കി പാക്കേജ് പ്രകാരം കാർഷിക മേഖലയിൽ അഞ്ചുവർഷം കൊണ്ട് നടപ്പാക്കാവുന്ന എത്ര തുകയുടെ പാക്കേജാണ് കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഇടുക്കി ജില്ലയുടെ വികസനം ലക്ഷ്യമിട്ടുള്ള ഇടുക്കി പാക്കേജ് പ്രകാരം കൃഷി, മണ്ണ് - ജല സംരക്ഷണം, മൃഗ സംരക്ഷണം എന്നീ വകുപ്പുകളിൽ നിന്നും 100 കോടി രൂപ ഇടുക്കി ജില്ലയ്ക്ക് പ്രത്യേകമായി വകയിരുത്തും എന്ന് 2020-21 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗം പ്രകാരം കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | അതിൽ നിന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു. |
| (സി) | ഇടുക്കി പാക്കേജ് പ്രകാരം കാർഷിക മേഖലയിൽ ഈ സർക്കാർ എത്ര തുകയുടെ പാക്കേജ് ആണ് പ്രഖ്യാപിച്ചതെന്ന് വ്യക്തമാക്കുമോ; | (സി) | 2022-23 വർഷത്തെ ബഡ്ജറ്റ് പ്രസംഗം പ്രകാരം ഇടുക്കി വികസന പാക്കേജിനായി ആകെ 75 കോടി രൂപയാണ് പ്രഖ്യാപിച്ചത്. ഇടുക്കി ജില്ലാ കളക്ടറെ ഇടുക്കി വികസന പാക്കേജിന്റെ കോ-ഓർഡിനേറ്ററായും, പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സ് വകുപ്പിനെ നോഡൽ വകുപ്പായും നിയോഗിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. |
| (ഡി) | അതിൽ നിന്നും നാളിതുവരെ എത്ര രൂപ ചെലവഴിച്ചു എന്ന വിവരം ഇനം തിരിച്ച് വ്യക്തമാക്കുമോ? | (ഡി) | വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ